**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹനമിട്ട ചോദ്യം നം. 80** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ ഇന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിൽ നിന്ന് സബ്സിഡി മണ്ണെണ്ണ ഇപ്പോൾ ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിൽ നിന്നും അനുവദിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണയുടെ അളവ് മത്സ്യത്തൊഴിലാളികൾക്ക് ആവശ്യാനുസരണം വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് വഴി 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ വെള്ള മണ്ണെണ്ണ വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിലാണ് ആയത് അനുവദിക്കുന്നത്. |
| (സി) | തമിഴ്നാട്, കർണ്ണാടക സർക്കാരുകൾ സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതുപോലെ സംസ്ഥാനത്തും നൽകാൻ നടപടിയെടുക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | അർഹരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ നൽകി വരുന്നുണ്ട്.<br>10 HP വരെ - 140 ലിറ്ററും<br>10 HP മുതൽ 15 HP വരെ - 150 ലിറ്ററും<br>15 HP ക്ക് മുകളിൽ - 190 ലിറ്ററും<br>മണ്ണെണ്ണക്കാണ് സബ്സിഡി അനുവദിക്കുക. 2023 ഏപ്രിൽ വരെയുള്ള ഈ സബ്സിഡി ഗുണഭോക്താക്കൾക്ക് DBT മുഖാന്തിരം ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ